പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4711

27-6-2014-ൽ മറുപടിക്ക്

## പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) നഗരപ്രദേശങ്ങളിലെ പൊതു സ്ഥലങ്ങളിലും റോഡുകളുടെ വശങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളുടെ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് നിഷ്ക്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) മുനിസിപ്പാലിറ്റിയുടെ ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ പരസ്യബോർഡുകൾ സ്ഥാപിക്കാൻ പാടില്ലാത്തതാണ്. പരസ്യബോർഡുകൾ സ്ഥാപിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് അസൗകര്യത്തിനോ, സുരക്ഷിതത്വത്തിനോ, സ്വതന്ത്ര സഞ്ചാരത്തിനോ വിഘാതമോ തടസ്സമോ ഉണ്ടാകുവാൻ പാടില്ലാത്തതാണ്. കൂടാതെ റോഡിന്റെ വളവുകളോ തിരിവുകളോ വരുന്ന ഭാഗത്ത് സ്ഥാപിക്കാൻ പാടില്ലാത്തതുമാണ്. പരസ്യബോർഡുകൾ സ്ഥാപിക്കുന്നതുമൂലം റോഡിന് യാതൊരു തരത്തിലുള്ള കേടുപാടുകളും ഉണ്ടാകുവാൻ പാടില്ലാത്തതും ഫുട്പാത്ത് ഉള്ള റോഡിന്റെ വശങ്ങളിൽ ഫുട്പാത്തിനുള്ളിൽ കമാനത്തിന്റെയോ പരസ്യ ബോർഡിന്റെയോ തൂണുകൾ സ്ഥാപിക്കാൻ പാടില്ലാത്തതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ പരസ്യബോർഡുകളും മറ്റും സ്ഥാപിക്കുന്നതിന് നഗരസഭകൾ പ്രത്യേക ഫീസ് ഈടാക്കുന്നുണ്ടോ ; ഫീസ് കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | ഉണ്ട്. പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം നിരക്കുകളിൽ കുറയാത്ത രീതിയിൽ അതാതു മുനിസിപ്പൽ കൗൺസിലുകൾ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ചുമത്താവുന്നതാണ്. |
| (സി) | പരസ്യ ഫീസ് ഇനത്തിൽ നഗരസഭകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എന്തുതുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ? | (സി) | 2013-14 സാമ്പത്തിക വർഷത്തിൽ 6,75,84,809/-രൂപ (ആറു കോടി എഴുപത്തഞ്ച് ലക്ഷത്തി എൺപത്തിനാലായിരത്തി എണ്ണൂറ്റി ഒൻപത് രൂപ) നഗരസഭകൾ പരസ്യ ഫീസ് ഇനത്തിൽ ശേഖരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ